മലയാള ഐക്യവേദി

# മാതൃഭാഷ

2024 ജനുവരി 16

## മലയാള ഐക്യവേദി - വിദ്യാർത്ഥി മലയാളവേദി വയനാട് ജില്ലാ സമ്മേളനപ്പതിപ്പ്

**മാതൃഭാഷാപഠനം സാമൂഹിക ഐക്യത്തിന്**

ഹരി, സെക്രട്ടറി, മലയാള ഐക്യവേദി

# മാതൃഭാഷകൾക്ക് ഒരു പ്രകടനപത്രിക ഒരു പതിറ്റാണ്ട് പിന്നിടുമ്പോൾ

മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരങ്ങളിലൂടെ, പ്രവർത്തനങ്ങളിലൂടെ ഒരു കൂട്ടായ്മ പ്രതീക്ഷകളോടെ മുന്നോട്ട് പോകുകയാണ്. ഭാഷ ഓരോ വ്യക്തിയേയും സമൂഹത്തെയും എപ്രകാരമാണ് സ്വാധീനിക്കുന്നതെന്നും അതിന്റെ പ്രസക്തിയും പ്രാധാന്യവും എന്താണെന്നും വ്യക്തമായി മനസ്സിലാക്കുന്ന സമൂഹത്തിന് മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിയാൻ സാധിക്കും.

'ഭരണവും വിദ്യാഭ്യാസവും മലയാളത്തിൽ' എന്ന മുദ്രാവാക്യമുയർത്തി 2009 നവം. 14,15 തീയതികളിൽ വടകര നടന്ന സമ്മേളനത്തിൽ വച്ചാണ് മലയാള ഐക്യവേദി രൂപീകരിക്കപ്പെട്ടത്. മലയാള ഐക്യവേദിയും ശേഷം രൂപീകരിച്ച വിദ്യാർത്ഥി മലയാളവേദിയും ഐക്യമലയാള പ്രസ്ഥാനവുമെല്ലാം വിവിധ സമരങ്ങളിലൂടെയും മറ്റ് പ്രവർത്തനങ്ങളിലൂടെയും പരിപാടികളിലൂടെയും സജീവമായ ഇടപെടലുകൾ സാധ്യമായ രീതിയിൽ നടത്തിവരുന്നു. ഇതിന്റെ ഫലമായി മലയാള ഐക്യവേദി ഏറ്റെടുത്ത പല വിഷയങ്ങളും പിന്നീട് വിജയത്തിലേക്കെത്തി എന്നതിന്റെ പ്രയോജനം സമൂഹത്തിന് തന്നെ എന്നതാണ് വസ്തുത.

മലയാള ഐക്യവേദി - വിദ്യാർത്ഥി മലയാളവേദി സംസ്ഥാന സമ്മേളനം 2024 ജനുവരി 20, 21 തീയതികളിൽ തൃശ്ശൂരിലെ കറുകുറ്റിയിൽ വച്ച് നടക്കും. മാതൃഭാഷാ പഠനം സാമൂഹിക ഐക്യത്തിന് എന്ന വിഷയത്തിലൂന്നിയാണ് ഈ വർഷം സമ്മേളനവും മറ്റ് പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

അഭിജിത്ത് കെ. എ.
ജില്ലാ സെക്രട്ടറി, മലയാള ഐക്യവേദി

2014 ലാണ് ഡോ. പി. പവിത്രൻ മലയാള ഐക്യവേദിയുടെ പാലക്കാട് നടന്ന സംസ്ഥാന വാർഷിക സമ്മേളനകാലത്ത് 16 പേജുള്ള ഒരു ചെറിയ ലഘുലേഖ പരിചയപ്പെടുത്തുന്നത്. പാർലിമെന്റ് തിരഞ്ഞെടുപ്പിന് മുമ്പുള്ള സമയമായിരുന്നു അന്ന്. ഇന്ത്യൻ പാർലിമെന്റിന്റെ മുഖചിത്രത്തോടെ എട്ട് പേജ് (A4 ന്റെ പാതി വലിപ്പം) മലയാളത്തിലും ബാക്കി ഇംഗ്ലീഷിലുമുള്ള ലഘുലേഖയുടെ പേര് മാതൃഭാഷകൾക്ക് ഒരു പ്രകടനപത്രികയെന്നാണ്. അന്നത്തെ പാലക്കാട് എംപിയും ഇന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുമായ എം.ബി. രാജേഷിന് ഈ ലഘുലേഖ നല്കുകയും ഇന്ത്യൻ പാർലമെന്റിൽ മാതൃഭാഷാരാഷ്ട്രീയം അവതരിപ്പിക്കാൻ ആവശ്യപ്പെടലുമാണ് ലക്ഷ്യങ്ങളിൽ ഒന്ന്. കൃത്യം പത്ത് വർഷം തികയുമ്പോൾ ഇന്ത്യയിലുണ്ടായ ഭാഷാപരമായ മാറ്റങ്ങളെ ഒന്നോടിച്ച് നോക്കുകയാണ് ഈ കുറിപ്പിൽ.

ഇന്ത്യയിലെ വിവിധ മാതൃഭാഷാസംഘടനകളുടെ കൂട്ടായ്മ വിവിധ രാഷ്ട്രീയപാർട്ടികൾക്ക് മുമ്പാകെ വെക്കുന്ന പ്രകടനപത്രികയെന്ന രീതിയിലാണ് തുടങ്ങുന്നത്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ഭാഷാപരമായ മനുഷ്യാവകാശവും ഭാഷാപരമായ വിവേചനം വർണവിവേചനവും ലിംഗവിവേചനവും പോലെ തിരിച്ചറിയണമെന്നുമുള്ള ഓർമപ്പെടുത്തലുകൾ ഇന്ന് പതുക്കെ വെളിപ്പെട്ട് തുടങ്ങിയിരിക്കുന്നു. ഫെഡറൽ സംവിധാനമുള്ള ഇന്ത്യയിൽ സംസ്ഥാനങ്ങളിലെ ഔദ്യോഗികഭാഷകളെ എല്ലാതലത്തിലും അംഗീകരിക്കുന്നതിലൂടെ മാത്രമേ ആ ഭാഷാസമൂഹത്തെ സ്വീകരിക്കാനാവൂ എന്ന് രാഷ്ട്രീയപാർട്ടികളും മനസിലാക്കി തുടങ്ങിയിരിക്കുന്നു.

അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയപാർട്ടികൾക്ക് മാതൃഭാഷകളെ സംരക്ഷിക്കാൻ വേണ്ട പ്രവർത്തനപദ്ധതികൾ തയാറാക്കാനും അവരുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉൾപ്പെടുത്താനും നടപ്പിലാക്കാനുമാവണം എന്നതാണ് ലഘുലേഖയുടെ സത്ത.

ഭാഷാപരമായ വികേന്ദ്രീകരണത്തെക്കുറിച്ചും ജനാധിപത്യബോധത്തിലുള്ള സാമൂഹികനിർമിതിയ്ക്കും രാഷ്ട്രനിർമാണത്തിനും മാതൃഭാഷകൾ എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് ഉദാഹരണസഹിതം ഇതിൽ വ്യക്തമാക്കുന്നു. വ്യക്തിയെ ആധുനികവത്കരിക്കാനും തൊട്ടടുത്ത സമൂഹങ്ങളുമായി കൂട്ടിയിണക്കാനുമെല്ലാമുള്ള അടിത്തറയാണ് മാതൃഭാഷാവബോധം. ഭരിക്കുന്നവരുടേതല്ല, ഭരിക്കപ്പെടുന്നവരുടെ ഭാഷയാണ് ഭരണഭാഷയെന്നും ഇത് ജനാധിപത്യത്തിന്റെ ആദ്യപാഠമാകുന്നതുമെല്ലാം ലളിതമായി സൂചിപ്പിച്ചിരിക്കുന്നു.

യൂറോപ്യൻ യൂണിയനിലെ ഭാഷകളും ഇന്ത്യൻ ഭാഷകളും തമ്മിലുള്ള താരതമ്യമാണ് ലഘുലേഖ അടുത്ത ചർച്ചയ്ക്കെടുക്കുന്നത്. 74 കോടി ജനസംഖ്യയുള്ള യൂറോപ്പിൽ 24 അംഗീകൃത ഭാഷകളുള്ളപ്പോൾ 121 കോടിയുള്ള ഇന്ത്യയിൽ രണ്ട് (ഇംഗ്ലീഷും ഹിന്ദിയും) ഭാഷകൾ മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സുവർണ വർഷങ്ങൾ ആഘോഷിക്കുമ്പോഴും ഇന്ത്യയിലെ കോളോണിയൽ അവശിഷ്ടം പോലെ ഇംഗ്ലീഷ് മാത്രമെന്നത് പറ്റിപ്പിടിച്ചിരിക്കുന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസാരിക്കുന്നവരുടെ എണ്ണത്തെ മുൻനിർത്തിയുള്ള പട്ടികയിൽ ഇന്ത്യൻ ഭാഷകൾ അവഗണിക്കപ്പെടുന്നത് ഇതിലെ സംഖ്യകൾ പറഞ്ഞു തരും.

ലഘുലേഖയിലെ കാര്യങ്ങൾ ആവർത്തിക്കുകയെന്നതല്ല ഈ കുറിപ്പിന്റെ ലക്ഷ്യം. ആ ലഘുലേഖയിലെ കുറേ കാര്യങ്ങൾ കുറിക്ക് കൊണ്ടിരിക്കുന്നു എന്നത് ഇന്ത്യൻ ഭാഷകൾക്ക് ലഭിച്ച പദവിപരമായ ആസൂത്രണത്തെ സന്തോഷത്തോടെ ഓർമിക്കുകയാണ്. ഇന്ത്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ പ്രകടനപത്രികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന 27 കാര്യങ്ങളിൽ പലതും ഒരു പതിറ്റാണ്ട് തികയുന്നതിനു മുമ്പേ പ്രാവർത്തികമാക്കപ്പെട്ടിരിക്കുന്നു എന്നത് ചെറിയ കാര്യമല്ല.

മാതൃഭാഷകൾക്ക് ഒരു പ്രകടനപത്രിയിൽ ആറാമതായി ഉന്നയിച്ച ആവശ്യത്തിൽ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരീക്ഷകൾക്ക് മാതൃഭാഷകൾ മാധ്യമമായി അനുവദിക്കുക. മാതൃഭാഷാപരിജ്ഞാനം പരീക്ഷിക്കുന്ന ചോദ്യപേപ്പർ ഉൾപ്പെടുത്തുക എന്നാണ്. 2023 ഏപ്രിൽ മാസത്തിൽ എസ്എസ്സി പരീക്ഷകൾ മലയാളം ഉൾപ്പെടെ 13 ഭാഷകളിലെഴുതാമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചത് ഇന്ത്യൻ ഭാഷാസമൂഹങ്ങൾ സന്തോഷത്തോടെയാണ് സ്വീകരിച്ചത്.

പത്താമത്തെ ആവശ്യമായി ഉന്നയിച്ച സിബിഎസ്ഇ സ്കൂളുകളിൽ പ്രാദേശിക ഭാഷകൾ പഠനമാധ്യമമായി അംഗീകരിക്കുക എന്നത് 2023 ജൂലൈയിൽ സിബിഎസ്ഇ ബോർഡ് മലയാളമടക്കമുള്ള പ്രാദേശിക ഭാഷകളിൽ അധ്യയനം നടത്താമെന്ന നിർദ്ദേശമിറക്കിയിരിക്കുന്നു. അധ്യയന മാധ്യമമായി മാതൃഭാഷകളെ കഴിയുന്നത്ര ഉപയോഗിക്കണമെന്ന് പുതിയ വിദ്യാഭ്യാസ നയവും ഓർമപ്പെടുത്തുന്നു.

2023 മേയ് മാസത്തിലാണ് സുപ്രീംകോടതിയിലെ വാദപ്രതിവാദങ്ങളും ജഡ്ജിമാരുടെ പരാമർശങ്ങളും ഉൾപ്പെടെയുള്ളവ മലയാളമടക്കം പ്രാദേശികഭാഷകളിൽ ലഭ്യമാക്കുമെന്നു ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് സൂചിപ്പിച്ചത്. പ്രകടനപത്രികയിലെ 23മത്തെ ആവശ്യമായി ഇങ്ങനെ കൊടുക്കുന്നു. “സുപ്രീംകോടതിയുടെ വിധികളുടെ പകർപ്പ് കക്ഷികൾക്ക് മാതൃഭാഷയിൽ നൽകുക. കക്ഷികൾക്ക് മാതൃഭാഷ ഉപയോഗിക്കാനുള്ള അനുവാദം നല്കുക".

2023 ഫെബ്രുവരി 21 ലോകമാതൃഭാഷാദിനത്തിൽ കേരളഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ഡിവിഷനൻ ബെഞ്ച് മലയാളത്തിൽ വിധിയെഴുതി കീഴ്കോടതികൾക്ക് മാതൃകയായി. മാതൃഭാഷകൾക്കൊരു പ്രകടന പത്രികയിലെ 22-മത്തെ ആവശ്യമായി ഒരു സംസ്ഥാനത്തെ അറുപത് ശതമാനം ജനങ്ങൾ ഉപയോഗിക്കുന്ന ഭാഷ ഹൈക്കോടതിയിലെ എല്ലാതരം



ഡോ. പി. പവിത്രൻ

നടപടികൾക്കുമുള്ള മാധ്യമമായി അംഗീകരിക്കുക. ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരമായ അവകാശം സംരക്ഷിച്ചുകൊണ്ട് ഭരണഘടനയിലെ **348** ലെ അനുഛേദത്തിൽ ഭേദഗതി വരുത്തണമെന്നും പറയുന്നു. ഒരു രാഷ്ട്രം ജനതയുടെ സുസ്ഥിര ഇച്ഛക്കൊപ്പമാണെന്നതിന്റെ തെളിവുകൾ കോടതിമുറികളിലും തിളങ്ങാൻ തുടങ്ങി.

മലയാളത്തിൽ ശാസ്ത്രപഠനം അസാധ്യമെന്ന് പറയുന്നവരെ ഞെട്ടിച്ച് കഴിഞ്ഞ വർഷം മാർച്ച് **17**ന് ബിടെക്കിന്റെ ഒമ്പതും ഡിപ്ലോമയുടെ പതിനൊന്നെണ്ണവുമടക്കം **20** എഞ്ചിനീയറിംഗ് പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷ രാഷ്ട്രപതി ദ്രൗപദി മുർമുവാണ് പ്രകാശനം ചെയ്തത്. **2022** നവംബറിൽ യുജിസി കൊമേഴ്സ്, ഹ്യുമാനിറ്റീസ്, സയൻസ് എന്നിവയുൾപ്പെടെ എല്ലാ വിഷയങ്ങളും പ്രാദേശികഭാഷകളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ തീരുമാനിക്കുന്നു. മാതൃഭാഷകൾക്കൊരു പ്രകടനപത്രിക **15**ലും **19** ലും എല്ലാ സർവകലാശാലകളിലും ബിരുദ-ബിരുദാനന്തര തലങ്ങളിൽ പഠനമാധ്യമമായും പരീക്ഷമാധ്യമമായും മാതൃഭാഷകൾ ഉപയോഗിക്കാൻ അനുവദിക്കുക. മാതൃഭാഷയിൽ ഉന്നത വിദ്യാഭ്യാസത്തിന് പാഠപുസ്തകങ്ങൾ ഉണ്ടാക്കുന്നതിനു പ്രത്യേക സംവിധാനവും ഫണ്ടും അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ഇന്ത്യൻ മിലിറ്ററി അക്കാദമി, നാഷനൽ ഡിഫൻസ് അക്കാദമി പ്രവേശന പരീക്ഷകളിൽ തദ്ദേശീയഭാഷ മാധ്യമമായി ഉപയോഗിക്കാൻ അനുവദിക്കണമെന്നാണ് മാതൃഭാഷകൾക്ക് ഒരു പ്രകടനപത്രിയിലെ എട്ടാമത്തെ ആവശ്യം.

**2023** ഏപ്രിലിൽ കേന്ദ്രസായുധ പോലീസ് സേനകളിലേക്കുള്ള പരീക്ഷ മലയാളമടക്കമുള്ള ഇന്ത്യന് ഭാഷകളിലെഴുതാമെന്ന തീരുമാനം പ്രാദേശികഭാഷമാധ്യമത്തിൽ പഠിച്ച ഇന്ത്യൻ യൗവനങ്ങളുടെ സ്വപ്നങ്ങൾക്ക് വേഗമേകി.

കോവിഡ് കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിക്ടേഴ്സ് ചാനൽ വഴി ഓൺലൈൻ ക്ലാസുകൾ നടക്കുമ്പോൾ ഗോത്രഭാഷയിലും ഓൺലൈൻ ക്ലാസുകൾ നടത്തി കേരളം പുതുവഴിയെഴുതി. ആദിവാസികൾക്ക് അവരുടെ മാതൃഭാഷാമാധ്യമത്തിൽ പ്രാഥമിക തലത്തിലുള്ള വിദ്യാഭ്യാസം നല്കാനുള്ള സംവിധാനമുണ്ടാക്കാനും അവരെ അത്തരം സ്ഥലങ്ങളിലെ പഠനപദ്ധതിയിൽ ഉൾപ്പെടുത്താനും പ്രകടനപത്രികയിലെ **24**-മത്തെ ആവശ്യമായി ഉന്നയിച്ചിരിക്കുന്നു.

**2019** ലാണ് കേരള പിഎസ്സി ബിരുദം യോഗ്യതയായുള്ള എല്ലാ പരീക്ഷകൾക്കും മലയാളത്തിലും ചോദ്യങ്ങൾ നൽകാൻ തീരുമാനിച്ചത്. എല്ലാതരം തൊഴിൽ പരീക്ഷകളിലും മാതൃഭാഷാപരിജ്ഞാനം പരീക്ഷിക്കുന്നതിനുള്ള ചോദ്യപേപ്പർ നിർബന്ധമാക്കുകയെന്നതാണ് പ്രകടനപത്രിയിലെ നാലാമത്തെ ആവശ്യം. ഐക്യമലയാളപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഓണക്കാലത്ത് **19** ദിവസം നീണ്ടു നിന്ന നിരാഹാര സമരത്തിന് കേരളത്തിലെ എല്ലാ പുരോഗമനപ്രസ്ഥാനങ്ങളും ബഹുജനങ്ങളും അണിനിരക്കുകയും മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം ഇന്ത്യൻ ഭാഷാ ഫെഡറലിസത്തിന് പുതിയ ജീവൻ നല്കിയെന്നു വേണം വായിച്ചെടുക്കാൻ.
ഡോ. പി. പവിത്രന്റെ ദേശഭാവനയുടെ ഭാഷാരാഷ്ട്രീയം എന്ന പുതിയ പുസ്തകത്തിൽ ഒരധ്യായമായി മാതൃഭാഷകൾക്ക് ഒരു പ്രകടന പത്രിക രാഷ്ട്രീയപാർട്ടികളെ കാത്ത് കിടക്കുന്നുണ്ട്. അവരുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഭാഷാരാഷ്ട്രീയത്തിനിടം കൊടുക്കുമോ എന്ന് ജനതയും കാത്തിരിക്കുന്നുണ്ട്.

ഡോ. രോഷ്നി സ്വപ്ന

# ചില ഭാഷാചിന്തകൾ

**"A different language is a different vision of life "**

**Federico Fellini**

മനുഷ്യന്റെ ഏറ്റവും വലിയ ആവാസ ഇടമാണ് ഭാഷ. ലോകം മുഴുവനുമുള്ള മനുഷ്യർ സ്വന്തം മാതൃഭാഷകളെ സംരക്ഷിക്കാൻ ആധി പൂണ്ടു നടക്കുകയാണ്.
ലോകത്ത് ഏകദേശം അടയാളപ്പെടുത്തപ്പെട്ട **6500** ഓളം ഭാഷകൾ ഉണ്ട്. അതിൽ പകുതിയിലേറെ ഭാഷകൾ അമ്പത് വർഷത്തിനുള്ളിൽ നമുക്ക് നഷ്ടമാകും.
ആ ഭാഷകളെല്ലാം ഇല്ലാതെയായാൽ മനുഷ്യത്വം എന്നത്... മനുഷ്യന്റെ സമ്പന്നതകൾ ...മനുഷ്യസംസ്കാരങ്ങൾ... എന്നത് എല്ലാം തന്നെ പെട്ടെന്ന് തന്നെ അപ്രത്യക്ഷമാകും. ഒരാൾ മാത്രം സംസാരിക്കുന്ന അവസ്ഥയിൽ എത്തിയ എത്രയോ ഭാഷകൾ ചുരുങ്ങിയത് നമുക്കുണ്ട്. പത്തു പേരോളം സംസാരിക്കുന്ന നൂറോളം ഭാഷകളുമുണ്ട്

ഒരു ഭാഷ നഷ്ടപ്പെട്ടാൽ, ഒരു ഭാഷ സംസാരിക്കുന്ന അവസാനത്തെ മനുഷ്യൻ, ആളുകൾ നമുക്ക് നഷ്ടപ്പെട്ടാൽ.... അതിനർത്ഥം, ആ ഭാഷയിൽ ഇനിമേൽ സ്വപ്നങ്ങളോ, സംവേദനങ്ങളോ സാഹിത്യമോ ജ്ഞാനവ്യവഹാരങ്ങളോ ഉണ്ടാകില്ല എന്നാണ്

ഭാഷകളെ നിലനിർത്താൻ അതാത് ഭാഷകളിലെ സാഹിത്യം പഠിപ്പിക്കലല്ല മാർഗം. എന്നെ സംബന്ധിച്ച് ഏതു ഭാഷയും പഠിക്കപ്പെടേണ്ടതും, നിലനിൽക്കേണ്ടതുമാണ്. കാരണം ഒരോ ഭാഷക്കുള്ളിലും ഒളിഞ്ഞു കിടക്കുന്ന, മനുഷ്യജീവനാവശ്യമായ ചില അറിവുകൾ ഉണ്ടാകും. അവയെ ആ ഭാഷയിലൂടെ കണ്ടെടുക്കുകയും സാമാന്യജീവിതത്തിലേക്ക് പകർത്തുകയും വേണം താനും.

പക്ഷെ ഭാഷയെ (അ)രാഷ്ട്രീയതയുടെ ആയുധമായി ഉപയോഗിക്കുന്ന ഏതു നീക്കങ്ങളെയും വിയോജിപ്പോടെ നോക്കിക്കാണാൻ ആണ് ആഗ്രഹിക്കുന്നത്.
എഴുത്തുകാരി എന്ന നിലയിൽ എല്ലാ ഭാഷയും നിലനിൽക്കട്ടെ എന്നാണ് എന്റെ ആഗ്രഹം. മൂന്ന് ഭാഷകളിൽ എഴുതാൻ കഴിയുക എന്നത് എന്റെ ഭാഗ്യമാണ്. വ്യക്തി എന്നനിലയിലും എഴുത്തുകാരി എന്ന നിലയിലും എനിക്ക് അഭിമാനമുണ്ടാകുന്ന എന്റെ നിലനിൽപ്പിന്റെ അടയാളങ്ങളാണ് എന്റെ എഴുത്തുകൾ.

ഭാവനയില്ലാത്ത അധികാരം മഹത് കൃതികളെ പാഴ് വായനക്ക് വിധേയമാക്കുകയാണ്. ഇന്ന് ലോകത്ത്, പ്രത്യേകിച്ച് ഇന്ത്യ പോലുള്ള, ഭാഷാ ബഹുസ്വരത നിലനിൽക്കുന്ന ഒരു ദേശത്ത് അധികാരം ഭാവനയെ തടയുന്നു. ലോക പ്രശസ്ത എഴുത്തുകാരെല്ലാം അവരവരുടെ മാതൃഭാഷകളിൽ ആണ് കൃതികൾ എഴുതിയിട്ടുള്ളത്.
**I am writing in a language that always exiles me**
എന്നാണ് സിറിയൻ കവിയായ അഡോണിസ് പറയുന്നത് എഴുത്തിൽ എവിടെയാണ് യാഥാർഥ്യം എവിടെയാണ് കല്പ്പന എന്ന് വേർതിരിച്ചെടുക്കാൻ ആവാത്ത വിധം ഭാഷയെയും ഭാവനയെയും ആവിഷ്കരിക്കുക എന്നതാണ് എഴുത്തുകാരുടെ വെല്ലുവിളി. ഉപരിപ്ലവമായ വായനയിൽ ഈ ഉണ്മയെ തിരിച്ചറിയാനാവാത്തവർ ഉപരിപ്ലവമായിത്തന്നെ കൃതികളെ വിലയിരുത്തുന്നു.
എങ്ങനെ എഴുതണം എന്നതുപോലെ തന്നെ പ്രധാനമാണ് എങ്ങനെ വായിക്കുന്നു എന്നതും.
ബോദ്‌ലെയറും മാർകേസും റിൽകെയും
കമ്പറും വാല്മീകിയും, കബീറും, അക്ക മഹാദേവിയും, എഴുത്തിലും നമ്മുടെ വായനയിലും ഇത്തരത്തിൽ പാഠഭേദങ്ങളെ സൂക്ഷിച്ചവരാണ്.

ഭാഷയോടുള്ള മുഖം തിരിച്ചിൽ ഏതൊരു ജന സമൂഹത്തെയും രാഷ്ട്രീയ അവബോധത്തിന്റെ ഇല്ലായ്മകളിലേക്ക് നയിക്കും. ഏത് രാജ്യവും വാക്കുകൾക്ക് തങ്ങളുടെ ഭാഷയിൽ സ്വത്വം കണ്ടെത്തിക്കഴിഞ്ഞു.
ഗഹനമായ അർത്ഥസൗന്ദര്യങ്ങളുടെ പ്രപഞ്ചമായ സാഹിത്യ കൃതികൾ ഭാഷയെ നിലനിർത്തും. കൃതി എന്ന നിലയിൽ ലോകത്തെ, ജീവിതത്തെ, മനുഷ്യനെ പുതുക്കിക്കൊണ്ടിരിക്കും. അധികാര രാഷ്ട്രീയത്തിന് സർഗാത്മകതയെ മനസിലാകില്ല.
മനുഷ്യനെക്കുറിച്ച് സംസാരിച്ച എല്ലാം മഹത് കൃതികളും അധികാരത്തിന്റെ കീഴിലേക്ക് കടന്നിരിക്കുകയും അത് ലോകത്തെ ദുഷിപ്പിക്കുകയും ചെയ്യുന്ന അവസ്ഥയെ ചെറുക്കാനും ഭാഷയിലൂടെ, സാഹിത്യത്തിലൂടെ, കാഴ്ചയിലൂടെ, കേൾവിയിലൂടെ ജീവിതത്തെ തിരിച്ചു പിടിക്കുകയും വേണം.

"ഭാവി എന്ന ഒരു കാലം ഉള്ളിടത്തോളം
എനിക്ക് ഭാഷയെ ഭയമില്ല.
എന്നെങ്കിലും ഞാൻ എന്റെ
വാക്കുകൾ കണ്ടെത്തും.
ഒഴിഞ്ഞ കടലാസ്സിൽ
പുതിയൊരു നക്ഷത്രത്തിനു കീഴിൽ
ഒരു കപ്പൽപ്പായ
പതുക്കെ നിവർന്നുയരുന്നത്
ഒരു കുട്ടി
വിസ്മയത്തോടെ നോക്കി നിൽക്കും "

എന്ന് സച്ചിദാനന്ദൻ എഴുതുന്നത് മനുഷ്യന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ടു കൂടിയാണല്ലോ.

ജീവിതത്തിൽ എന്ത്, എങ്ങനെ സംഭവിക്കുന്നു എന്നതിനേക്കാൾ പ്രധാനം അത് നാം എങ്ങനെ ഓർത്തെടുക്കുന്നു എന്നതിലാണ് എന്ന് മാർകേസ് പറയുന്നത് ഓർമ്മകളെക്കുറിച്ച് മാത്രമല്ല, ഓർമ്മയുടെ ഭാഷയെക്കുറിച്ച് കൂടിയാണ്.

ഞാൻ എഴുതുന്ന ഓരോ വാക്കും എന്റെ ഭാഷയെ, എന്റെ ജനതയുടെ ഓർമ്മയെ, നീട്ടി വക്കണേ എന്ന ആഗ്രഹം എഴുത്തിന്റെ ഓരോ നിമിഷത്തിലും സൂക്ഷിക്കുന്നുണ്ട്..

---

# വാർത്തകളിലൂടെ




*മലയാള ഐക്യവേദി വയനാട് ജില്ലാ സമ്മേളനം പ്രൊഫ.പി.സി രാമൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു*

## മലയാളം ബിരുദ കോഴ്സുകൾ അനുവദിക്കണം

കൽപ്പറ്റ: വയനാട്ടിലെ സർക്കാർ എയ്ഡഡ് കോളജുകളിൽ ബിരുദ ബിരുദാനന്തര തലങ്ങളിൽ മലയാളം ഐച്ഛിക പഠനത്തിന് അവരമൊരുക്കണമെന്ന് കൽപ്പറ്റയിൽ നടന്ന മലയാള ഐക്യവേദി വയനാട് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

കോഴിക്കോട്, കണ്ണൂർ സർവകലാശാലകളുടെ പരിധിയിൽ വരുന്ന വയനാട്ടിൽ ഒരു സ്വാശ്രയ കോളജിൽ മാത്രമാണ് ബി എ മലയാളം കോഴ്സുള്ളത്. സംസ്ഥാന സമിതി അംഗം പ്രൊഫ.പി.സി രാമൻകുട്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.കെ.ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. പി കെ. മുഹമ്മദ് ബഷീർ, ഡോ. ബാവ കെ പാലുകുന്ന്, ശിവൻ പള്ളിപ്പാട്ട്, അഫ്സൽ ശാഹിദ്, സി.കെ. പവിത്രൻ ,ഡോ.എം.പി വാസു, വി.പി ബാലചന്ദ്രൻ , പി.കെ ഷാഹിന, കെ.എ അഭിജിത്ത് എന്നിവർ പ്രസംഗിച്ചു.

## വിദ്യാർഥി മലയാളവേദി ജില്ലാ സമ്മേളനം

**കൽപ്പറ്റ**

ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം ഉപേക്ഷിക്കണമെന്ന് വിദ്യാർഥി മലയാളവേദി ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. പ്രാദേശിക ഭാഷകൾക്ക് തുല്യ പരിഗണന നൽകണം. സംസ്ഥാന ചെയർപേഴ്സൺ എസ് ആർ അഭിരാമി ഉദ്ഘാടനംചെയ്തു. വിദ്യാർഥി മലയാളവേദി ജില്ലാ പ്രസിഡന്റ് അഫ്സൽ ശാഹിദ് അധ്യക്ഷനായി. മലയാള ഐക്യവേദി ജില്ലാ പ്രസിഡന്റ് ശിവൻപിള്ള പള്ളിപ്പാട്, സെക്രട്ടറി കെ എ അഭിജിത്ത്, പി കെ ജയചന്ദ്രൻ, അമല എം ദേവ്, ജിലിൻ ജോയ്, അശ്വതി രാജു എന്നിവർ സംസാരിച്ചു.

ഡോ. കെ. വി. ശശി

# ഭാഷയും സാഹിത്യവും

സാഹിത്യം ഇല്ല. എഴുത്ത് മാത്രമേ ഉള്ളൂ. ആധുനികാനന്തരസന്ദർഭത്തിൽ എഴുത്ത് എന്ന സങ്കല്പനം ചിന്തയുടെ പൊതുമണ്ഡലം കൈയേറിക്കഴിഞ്ഞിരിക്കുന്നു. അർഥത്തിന്റെ അനുസ്യൂതമായ നീട്ടിവയ്ക്കൽ എന്ന് ഴാക്ക് ദരിദ ഈ സങ്കല്പം നിർവചിച്ച് വിശദീകരിച്ചിട്ടുണ്ട്. അർഥ അസാന്നിധ്യത്തിന്റെ ഈ സന്ദർഭത്തിൽ സാർവലൗകികവും സാർവകാലികവുമായ സാഹിത്യമെന്ന സങ്കല്പം ആശയവാദമിഥ്യയായിത്തീരുന്നു. സാഹിത്യം എന്നു പറയാവുന്ന അചാല്യമോ സവിശേഷമോ ആയ ജ്ഞാനമണ്ഡലം - അനുഭൂതിവ്യവസ്ഥ - നിലനിൽക്കുന്നില്ല. ഉള്ളത് എഴുത്ത് മാത്രം. ഈ ഏഴുത്തുകളെ സാഹിത്യമാക്കി കാനോനീകരിക്കുന്നത് അതാതു കാലത്തും ചരിത്രത്തിലും നിലനിൽക്കുന്ന അക്കാദമികൾ, വിദ്യാലയങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയ സവിശേഷവ്യവഹാരങ്ങളാണ്. ഭിന്ന ചരിത്രസംസ്കാരസന്ദർഭങ്ങൾ എഴുത്തിൽ ഇടപെട്ട് ഉൽപാദിപ്പിക്കുന്ന വ്യാവഹാരികപ്രതീതികളിലൊന്നുമാത്രമാണ് സാഹിത്യം അഥവാ സൗന്ദര്യമെന്ന് ഇഗ്ൾടന്റെ നിരീക്ഷണത്തെ വിപുലീകരിക്കാം. ഓരോ ചരിത്രസംസ്കാരപ്രകരണവും അവയ്ക്കാവശ്യമായ അർഥസൗന്ദര്യങ്ങൾ എഴുത്തിൽ ഇടപെട്ട് വായിച്ചെടുക്കുന്നുവെന്നു സാരം.

അതായത് സംസ്കാരപാഠങ്ങളിൽ അസന്നിഹിതഹേതുവാ **(Absentcause)** യിരിക്കുന്ന ചരിത്രത്തിന്റെ അനതിക്രമ്യചക്രവാളം **(Untranscedental horizon)** തന്നെയാണ് സൗന്ദര്യം. ഇത് അചാല്യവസ്തുവോ അടഞ്ഞ വ്യവസ്ഥയോ അല്ല. ചരിത്രസംസ്കാരപ്രകരണങ്ങളുടെ അനേകം സൂക്ഷ്മാധികാരബലതന്ത്രങ്ങൾ പ്രവർത്തിക്കുന്ന, സൂചകങ്ങളുടെ ആകാശഗംഗയാണ് പാഠം **(text)** എന്ന് റൊളാങ് ബാർത്ത്. ഈ പാഠങ്ങൾ ചരിത്രാത്മകമാണെന്ന് നവചരിത്രവാദം പറയും. അങ്ങനെ സാഹിത്യം എന്നൊരു അചാല്യസത്ത ഇല്ലെന്നു വരുന്നതോടെ ഈ സ്ഥാപനത്തിനുമേൽ കെട്ടിയുയർത്തിയിരുന്ന ശാശ്വതകൃതി, സാർവലൗകികസാഹിത്യം, പ്രതിഭയും സർവജ്ഞനുമായ ഗ്രന്ഥകാരൻ, പ്രജാപതിയായ കവി, കവി ദർശനം, കൃതിയ്ക്കുള്ളിൽ കവി ഒളിപ്പിച്ചുവച്ച, ലീനമായ അർഥം തുടങ്ങിയ ആദർശസ്ഥാപനങ്ങൾ സ്വയം റദ്ദാവുന്നു. ജയിംസൺ പറയുമ്പോലെ, സൗന്ദര്യം സൂക്ഷ്മചരിത്രത്തിന്റെ അഥവാ രാഷ്ട്രീയഅബോധത്തിന്റെ വിളിപ്പേരില്ലാതെ മറ്റൊന്നുമല്ല എന്നു വരുന്നു.




മലയാള ഐക്യവേദി - വിദ്യാർത്ഥി മലയാളവേദി
**12**- സംസ്ഥാന സമ്മേളനം, കോട്ടയം

# വാർത്തകളിലൂടെ...

## മലയാള ഐക്യവേദി ഭാരവാഹികൾ

കൽപ്പറ്റ • മലയാള ഐക്യവേദി ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള ശ്രമം ഉപേക്ഷിക്കുകയും പ്രാദേശിക ഭാഷകൾക്ക് തുല്യ പരിഗണന നൽകുകയും ചെയ്യുക, യു.ജി.സി നെറ്റ് ഉൾപ്പെടെയുള്ള യോഗ്യതാ പരീക്ഷകളുടെ ചോദ്യങ്ങൾ പ്രാദേശിക ഭാഷകളിൽ കൂടി ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ യോഗം ഉന്നയിച്ചു. ഭാരവാഹികളായി ശിവൻ പള്ളിപ്പാട് (പ്രസി), കെ.എ അഭിജിത്ത് (സെക്ര), ബാവ കെ പാലുകുന്ന് (കൺ), പി.കെ ഷാഹിന (ട്രഷ), സി.കെ പവിത്രൻ (വൈ.പ്രസി), വി.പി ബാലചന്ദ്രൻ (ജോ.സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.



ശിവൻ പള്ളിപ്പാട് (പ്രസി), കെ.എ അഭിജിത്ത് (സെക്ര)

## വിദ്യാർഥി മലയാളവേദി ഭാരവാഹികൾ

കല്പറ്റ ▸ വിദ്യാർഥി മലയാളവേദി ജില്ലാഭാരവാഹികളെ തിരഞ്ഞെടുത്തു.

കാലിക്കറ്റ്, കണ്ണൂർ സർവകലാശാലയ്ക്ക് കീഴിലുള്ള ജില്ലയിലെ കലാലയങ്ങളിൽ മലയാളം ഐച്ഛിക വിഷയമായി അനുവദിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ഭാരവാഹികാം: അശ്വതി രാജു (ചെയർപേഴ്സൺ.), മുഹമ്മദ് റാഫി (വൈസ്. ചെയ.), ജിലിൻ ജോയ് (സെക്ര.), കെ. അർച്ചന (ജോ. സെക്ര.), അഫ്സൽ ശാഹിദ് (കൺ.), മേബൽ കുര്യാക്കോസ് (ഖജാ.).



അശ്വതി രാജു (ചെയർപേഴ്സൺ). ജിലിൻ ജോയ് (സെക്ര.)

18/02/2023 WAYANAD Pg 03









## ഉപന്യാസ രചനാമത്സരം

കൽപ്പറ്റ

മാതൃഭാഷാ വാരാചരണത്തോടനുബന്ധിച്ച് മലയാള ഐക്യവേദിയുടെയും വിദ്യാർഥി മലയാളവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ ജില്ലയിലെ കലാലയ വിദ്യാർഥികൾക്കായി ഉപന്യാസ രചനാമത്സരം സംഘടിപ്പിക്കുന്നു. പേര്, വിലാസം, ഫോൺ നമ്പർ, കലാലയത്തിന്റെ പേര് എന്നിവ സഹിതം മുന്ന് പുറത്തിൽ കവിയാത്ത രചനകൾ vidhyarthimalayalavedhiwyd@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്കോ 9847053346 എന്ന വാട്സ്ആപ് നമ്പറിലേക്കോ അയക്കുക. വിവരങ്ങൾക്ക് ഫോൺ: 9074674969, 8281713568.



മലയാള ഐക്യവേദി ജില്ലാ പ്രസിഡന്റ് ശിവൻ പള്ളിപ്പാട്, ക്രെട്ടറി കെ.എ. അഭിജിത്.

## ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കരുത്

കൽപറ്റ ● ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള ശ്രമം ഉപേക്ഷിക്കുകയും പ്രാദേശിക ഭാഷകൾക്കു തുല്യ പരിഗണന നൽകുകയും ചെയ്യണമെന്നും യുജിസി നെറ്റ് ഉൾപ്പെടെയുള്ള യോഗ്യതാ പരീക്ഷകളുടെ ചോദ്യങ്ങൾ പ്രാദേശിക ഭാഷകളിൽ കൂടി ലഭ്യമാക്കണമെന്നും മലയാള ഐക്യവേദി ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

ഭാരവാഹികൾ: ശിവൻ പള്ളിപ്പാട് (പ്രസി), സി.കെ. പവിത്രൻ (വൈ. പ്രസി), കെ.എ. അഭിജിത് (സെക്ര), വി. പി. ബാലചന്ദ്രൻ (ജോ. സെക്ര), പി.കെ. ഷാഹിന (ട്രഷ).

## ഉപന്യാസ രചന മത്സരം

കൽപ്പറ്റ: മാതൃഭാഷാ വാരാചരണത്തോടനുബന്ധിച്ച് മലയാള ഐക്യവേദിയുടെയും വിദ്യാർത്ഥി മലയാളവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ കലാലയ വിദ്യാർത്ഥികൾക്കായി ഉപന്യാസ രചന മത്സരം സംഘടിപ്പിക്കുന്നു. പേര്, മേൽവിലാസം, ഫോൺ നമ്പർ, കലാലയത്തിന്റെ പേര് എന്നിവ സഹിതം മുന്ന് പുറത്തി Álhnbm c N \ I Å vidhyarthimalayalavedhiwyd@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്കോ 9847053346 എന്ന വാട്സ്ആപ്പ് നമ്പറിലേക്കോ അയക്കുക. കൂടുതൽ വിവരങ്ങൾക്ക്: 9074674969, 8281713568.



01/03/2023 | വയനാട് | മാനന്തവാടി | FOCUS Media

## ഭാഷയുടെ വർത്തമാനം

മാനന്തവാടി : മാതൃഭാഷ വാരാചരണത്തോടനുബന്ധിച്ച് മലയാള ഐക്യവേദിയുടെയും വിദ്യാർത്ഥി മലയാളവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ മാനന്തവാടി കോ-ഓപ്പറേറ്റീവ് കോളേജിൽ വെച്ച് ഭാഷയുടെ വർത്തമാനം എന്ന പേരിൽ പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു. പ്രൊഫസർ പി സി രാമൻകുട്ടി ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നിർവഹിച്ചു. മലയാള ഐക്യവേദി ജില്ലാ പ്രസിഡന്റ് ശിവൻ പള്ളിപ്പാട് അധ്യക്ഷത വഹിച്ചു. പുരോഗമന കലാസാഹിത്യ സംഘം ജില്ലാ സെക്രട്ടറി മുസ്തഫ ദ്വാരക, മലയാള ഐക്യവേദി ജില്ലാ പ്രസിഡന്റ് കെ എ അഭിജിത്ത്, കോ-ഓപ്പറേറ്റീവ് കോളേജ് അധ്യാപകരായ കെ ജെ വർഗീസ്, യു പി ഷാജി, വിദ്യാർത്ഥി മലയാളവേദി ജില്ലാ ചെയർപേഴ്സൺ അശ്വതി രാജു, വിദ്യാർത്ഥി മലയാളവേദി ജില്ലാ കൺവീനർ അഫ്സൽ ശാഹിദ് എന്നിവർ സംസാരിച്ചു. ജില്ലാതലത്തിൽ കലാലയ വിദ്യാർത്ഥികൾക്കായി നടത്തിയ ഉപന്യാസ മത്സര വിജയികൾക്കുള്ള സമ്മാനവിതരണവും നടത്തി.

focusmediakeralam@gmail.com










## വിദ്യാർത്ഥി മലയാളവേദി ഭാരവാഹികൾ

കൽപ്പറ്റ: വിദ്യാർത്ഥി മലയാളവേദി വയനാട് ജില്ലാ ഭാരവാഹി തെരഞ്ഞെടുപ്പ് നടന്നു. അശ്വതി രാജു (ചെയർപേഴ്സൺ), ജിലിൻ ജോയ് (സെക്രട്ടറി), അഫ്സൽ ശാഹിദ് (കൺവീനർ), മേബൽ കുര്യാക്കോസ് (ഖജാൻജി), മുഹമ്മദ് റാഫി (വൈസ് ചെയർപേഴ്സൺ), അർച്ചന കെ. (ജോയിന്റ് സെക്രട്ടറി).



മലയാള ഐക്യവേദി
വയനാട് ജില്ല

മലയാള ഐക്യവേദി
വയനാട് ജില്ല
ഫോൺ : 9747095592, 9074674969
9446672379

പ്രേഷകൻ,
സെക്രട്ടറി
മലയാള ഐക്യവേദി
വയനാട് ജില്ല.

സ്വീകർത്താവ്,

ഡോ. ആർ ബിന്ദു
ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരളം

വിഷയം : വയനാട് ജില്ലയിലെ സർക്കാർ - എയ്ഡഡ് കോളേജുകളിൽ മലയാളം ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് :-

*സർ /മാഡം,*

മലയാളം കേരളീയരുടെ മാതൃഭാഷയും, ഭരണഭാഷയുമാണല്ലോ. അതുകൊണ്ടു തന്നെ നാടിന്റെ വികസന പ്രക്രിയയിൽ മാതൃഭാഷാ പഠനത്തിന് വലിയ സ്ഥാനമുണ്ട്. വിദ്യാഭ്യാസ വിചക്ഷണർ ഈ വസ്തുത ആവർത്തിച്ചു വ്യക്തമാക്കുന്നുമുണ്ട്. എന്നാൽ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ ഏറെ പിന്നാക്കം നിൽക്കുന്ന വയനാട് ജില്ലയിലെ സർക്കാർ-എയ്ഡഡ് കോളേജുകളിൽ, ഒന്നിൽപോലും മലയാളത്തിൽ ബിരുദ - ബിരുദാനന്തര ബിരുദ കോഴ്സുകളില്ല.

വയനാട് ജില്ലയിൽ രണ്ട് സർക്കാർ കലാലയങ്ങളും (**എൻ.എം.എസ്.എം. ഗവ. കോളേജ് കൽപ്പറ്റ,** ഗവ. **കോളേജ് മാനന്തവാടി**) നാല് എയ്ഡഡ് കോളേജുകളും (**മേരിമാതാ കോളേജ്** മാനന്തവാടി, സെന്റ് **മേരീസ് കോളേജ്** സുൽത്താൻ ബത്തേരി, **പഴശ്ശിരാജ കോളേജ് പുൽപ്പള്ളി**, ഡബ്ല്യൂ.എം.ഒ. **കോളേജ് മുട്ടിൽ**) ആണ് നിലവിലുള്ളത്. ഇവയിൽ മലയാള ബിരുദ കോഴ്സുകൾ ഇല്ലാത്തതിനാൽ മലയാളം പഠിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഇപ്പോൾ ജില്ലയ്ക്ക് പുറത്ത് പോയി പഠിക്കേണ്ട സാഹചര്യമാണുള്ളത്.

ആയതിനാൽ മൂന്ന് താലൂക്കുകളിലെയും ഓരോ കോളേജുകളിൽ അടുത്ത അധ്യയന വർഷം തന്നെ മലയാള ബിരുദ കോഴ്സുകൾ തുടങ്ങാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

കൽപ്പറ്റ
23.11.23

എന്ന്,
അഭിജിത്ത് കെ. എ.

**വിലാസം :**
**അഭിജിത്ത് കെ. എ.**
**കാക്കത്തൂക്കിയിൽ വീട്**
**കൂടോത്തുമ്മൽ,കണിയാമ്പറ്റ പി. ഒ.**
**വയനാട്, കേരളം, 673124**
**ഇ-മെയിൽ : abhijithka0001@gmail.com**
**ഫോൺ നമ്പർ : 9074684969, 9847053346**




നവകേരള സദസ്സിൽ വച്ച് ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിയ്ക്ക് മലയാള ഐക്യവേദി വയനാട് ജില്ലാ കമ്മിറ്റി നൽകിയ കത്ത്

## 2023 മലയാള ഐക്യവേദി - വിദ്യാർത്ഥി മലയാളവേദി വയനാട് ജില്ലാ ഭാരവാഹികൾ







## മലയാള ഐക്യവേദി പ്രവർത്തകരുടെ ഒത്തുചേരൽ





താജ് മൻസൂർ

# ഭാഷയും ഫാസിസവും

ഒരു ജനതയുടെ ഉള്ളിലേക്ക് കടക്കാനും സംസ്കാരം പഠിക്കാനുമുള്ള വാതിലാണ് ഭാഷ. ഭാഷ കൂടാതെ ഒരു സമൂഹത്തെ സങ്കൽപ്പിക്കുക പ്രയാസമാണ്.ഭാഷയുള്ളതുകൊണ്ട് ഒരു സംസ് കാരവും, ആ സംസ്കാരം കാരണം ഭാഷയും അസ്ഥിത്വവുമുള്ളതായിത്തീരുന്നു. ആ ജനതയാണ് ആ ഭാഷ നിർമിച്ചത് എന്നതിനാൽ മനുഷ്യൻ കണ്ടുപിടിച്ചതിൽ ഏറ്റവും മികച്ച ആയുധവും ടൂളും ഭാഷയാണ്. ആശയങ്ങളും വിവരങ്ങളും കൈമാറുന്നത് മാത്രമല്ല സ്വപ്നംകാണുന്നതും അനുഭൂതികൾ ആവിഷ്കരിക്കുന്നതും, ജീവിക്കുന്നതും ഉണ്മയുടെ ആധാരശിലയാണ് ഭാഷ.
സാമൂഹികവും രാഷ്ട്രീയവും സാമ്പത്തിക ഘടനകളുമായി സംവദിക്കുകയും അറിവിന്റെയുമാശയങ്ങളുടെയും നിർമാണം പ്രകാശനം എന്നിവയ്ക്കുള്ള മാധ്യമവും ഭാഷയിലൂടെയാണ്.
സാഹിത്യം സാമൂഹിക ജീവിതത്തിന്റെ കലാപരവും സർഗാത്മകവുമായ പ്രതിഫലനമാണ്. ഭാഷയിവിടെ സാഹിത്യനിർമാണത്തിനുള്ള ഒരു സാമഗ്രിയായാണ് പ്രവർത്തിക്കുന്നത്.

ഭാഷ കൂടാതെ സാഹിത്യം സൃഷ്ടിക്കാനാവില്ല. സാഹിത്യം ഉണ്ടാകുന്നതിനു മുമ്പേ ഭാഷയുണ്ടായിരുന്നു എന്ന അർത്ഥത്തിൽ ഭാഷയ്ക്കാണ് പ്രാഥമ്യം.

ഭാഷ ഉപയോഗിക്കുന്തോറും വികസിക്കുന്ന ഒന്നാണ്. വന്നുചേരുന്ന അന്യപദങ്ങളെ സ്വീകരിച്ചും നിലവിലുള്ളവയെ നവീകരിച്ചും അത് മുന്നേറും. ഭാഷയുടെ ഉപയോഗമാണ് പലപ്പോഴും അതിന്റെ മൂല്യം നിർണ്ണയിക്കുക.

വായനക്കാരന്റെ മരണം ഭാഷയുടെ മരണം തന്നെ. അതുപോലെ മലയാളം സംസാരിക്കാതെ, എഴുതാതെ, മലയാളത്തിൽ ചിന്തിക്കാതെ വരുമ്പോൾ മലയാളം മരിക്കും. മലയാളസാഹിത്യവും സംസ്കാരവും അതോടൊപ്പം ഓർമയാകും.

സാഹിത്യം അതാത് ഭാഷയുടെ സാഹിത്യവുമായി ബന്ധപ്പെട്ടതാണ്. മനുഷ്യന്റെ നിലനിൽപ്പിനെയും മനുഷ്യന്റെ പ്രവർത്തനത്തിന്റെ സാമൂഹിക വ്യവസ്ഥയെയും കുറിച്ചുള്ള പ്രധാന ചോദ്യങ്ങളുടെ സൗന്ദര്യാത്മക പര്യവേക്ഷണത്തിന്റെ സാംസ്കാരിക ഉൽപന്നങ്ങളായി സാഹിത്യത്തെ മനസ്സിലാക്കാവുന്നതാണ്.
ഭാഷയിലൂടെയാണ് മനുഷ്യർ സംവദിക്കുന്നത്, ക്രിയാത്മകചിന്തയും സൃഷ്ടിപരതയും ആവിഷ്കരിക്കുന്നത് എന്നതുപോലെ ജ്ഞാനാർജനത്തിനും ശിക്ഷണത്തിനും ഭാഷയും സാഹിത്യവും ഉപയോഗിക്കുന്നു. മഹാഭാരതവും രാമായണവും രണ്ടും പാഠപുസ്തകങ്ങൾ ആയിരുന്നതും ആയിരിക്കുന്നതും അതുകൊണ്ടാണ്. ഒരു സമൂഹത്തിൽ സംസ്കാരത്തിന്റെ പ്രധാന ചിഹ്നങ്ങളാണ് ഭാഷയും സാഹിത്യവും. ഭാഷ, സാഹിത്യം, കല, ചരിത്രം എന്നിങ്ങനെയുള്ള സാംസ്കാരികധാരകൾ ഒരു സമൂഹത്തിന്റെ സർഗ്ഗാത്മക പ്രതിരോധത്തിന്റെ ഉറവിടങ്ങളാണവ. നമുക്കുചുറ്റും നടക്കുന്ന അധികാരത്തിന്റെയും അനീതിയുടെയും അടയാളങ്ങളോടുള്ള പോരാട്ടം തന്നെയാണ് പ്രതിരോധം. സംസ്കാരങ്ങൾക്കിടയിലെ വ്യത്യസ്തതകളെ അംഗീകരിക്കുക, അധീശത്വത്തിനെതിരായി സർഗ്ഗാത്മകമായി പ്രതികരിക്കുക, സംസ്കാരത്തിന്റെ ഉപാദാനങ്ങളെയെല്ലാം പ്രതികരണസജ്ജമാക്കി പുതുക്കുക എന്നിങ്ങനെ ഒട്ടനവധി ലക്ഷ്യങ്ങളാണ് ഭാഷയിലും സാഹിത്യത്തിലുമുള്ള പ്രതിരോധ സംസ്കാരം മുന്നോട്ടു വെക്കുന്നത്.
നമ്മുടെ ഓർമ്മയെയും ഭൂതകാലത്തെയും ചിതറിത്തെറിപ്പിക്കുകയാണ് പുതിയ അധികാര മുഖങ്ങൾ.

മറവി, മുൻവിധി, വൈകാരികത, മനുഷ്യത്വരാഹിത്യം എന്നീ തൂണുകളിലാണ് ഫാസിസം നിലയുറപ്പിക്കുന്നതെന്നും അതിനെ ചെറുക്കാനുള്ള വഴി ഓർമ, യുക്തിബോധം, മാനവികത, ചരിത്രപരമായ വിശകലന രീതി എന്നിവയാണെന്നും കെ.ഇ.എൻ ഓർമപ്പെടുത്തുന്നു.

സർഗ്ഗാത്മകസാഹിത്യത്തിന്റെ കാര്യമെടുത്താലും ജനകീയ സമരങ്ങളുടെ കാര്യമെടുത്താലും അധികാരത്തിനെതിരെ എക്കാലവും ശക്തമായ പ്രതിരോധമുയരുന്നതിന്റെ കാഴ്ചകളും സംഭവങ്ങളും നാമറിഞ്ഞിട്ടുണ്ട്. സമകാല രാജ്യഭരണവും ശിക്ഷണവും ജനതയെ അറിവിൽ നിന്നകറ്റി, മറവിയുടെയും ഭൂതകാല ഐതീഹ്യങ്ങളിലെയും കുടിയേറ്റക്കാരായി താമസിപ്പിക്കുകയാണ്.

അറിവുൽപ്പാദിപ്പിക്കുന്ന ചരിത്രകാരേയും സാഹിത്യകാരെയും കൊല്ലുക എന്നത് അധികാരികളുടെ സ്ഥായിയായ സ്വഭാവമാണ്. സാഹിത്യം പ്രത്യക്ഷത്തിൽ ഇടപെടുന്നില്ലെങ്കിലും മനുഷ്യരുടെ ഉള്ളിൽ പ്രവർത്തിക്കുന്ന രീതി ഏറ്റവും നന്നായി അറിയുന്നത് അധികാരത്തിനാണല്ലോ.

സമൂഹത്തിന്റെ അംഗീകരിക്കപ്പെടാത്ത സാന്നിധ്യങ്ങൾക്ക് ഇടവും ശബ്ദവും നൽകുന്ന പദ്ധതിയെ മുൻനിർത്തിയുള്ളതാണ്.

പ്രതിരോധം എന്ന നിലയിൽ സാഹിത്യത്തെ നിർവ്വചിക്കേണ്ടതില്ല. അതേകുറിച്ച് സാമാന്യ സങ്കല്പം നമുക്കുണ്ട്. വിപ്ലവമെന്നത് ഒരു പ്രത്യേക സമയത്തെ പ്രതിരോധങ്ങളുടെ വിസ്ഫോടനമാണ്. പ്രതിരോധം ഒരവസ്ഥയാണ്. അനീതിക്കെതിരായ പ്രതികരണം.

ഇന്ത്യയെപോലൊരു രാജ്യത്ത് പ്രതിരോധത്തിന്റെ പൊതുവായ ലക്ഷ്യം ജനാധിപത്യത്തെ ജനാധിപത്യമായി നിലനിർത്തുകയും എന്നതാണ്. ഇന്നത് സർവ്വാധികാരവും പുരുഷാധികാരവും സവർണ്ണാധികാരവും മതാധികാരവും മൂലധനാധികാരവുമൊക്കെയായി ചേർന്നു പോകുന്ന അവസ്ഥയാണ്. ഫാസിസ്റ്റുകൾക്ക് വ്യാഖ്യാനിക്കാവുന്ന ഗ്രന്ഥങ്ങളും പ്രസ്ഥാനങ്ങളുമാണ് അവരുടെ പ്രത്യയശാസ്ത്രം. അതിനെതിരായ സ്ത്രീകൾ, ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ, കർഷകർ, തൊഴിലാളികൾ, കലാകാരന്മാർ, എഴുത്തുകാർ തുടങ്ങി എല്ലാ വിഭാഗങ്ങളുടേയും ചെറുത്തുനില്പ്പിന്റെ ആകത്തുകയാണ് പ്രതിരോധം.

അടിസ്ഥാനപരമായി മനുഷ്യരെ ഒന്നിപ്പിക്കുന്ന പരികല്പ്പനയാണ് പ്രതിരോധം. അധികാരത്തോട് സത്യം പറയാനുള്ള പ്രയത്നമാണ് പ്രതിരോധത്തിന്റെ കാതൽ. ഈ പ്രതിജ്ഞാബദ്ധതയിൽ നിന്നാണ് സാഹിത്യവും അതിന്റെ പ്രതിരോധ ഊർജ്ജം ആർജ്ജിക്കുന്നത്. പുതിയ ബോധത്തിന്റെ സൃഷ്ടിയാകാം. പുതിയ ലോകം സ്വപ്നം കാണാൻ പഠിപ്പിക്കലാകാം.

സാഹിത്യചരിത്രത്തെ ഒന്നടങ്കം തന്നെ വായനയുടെ പക്ഷത്തുനിന്ന് പ്രതിരോധത്തിന്റെ ചരിത്രമായി നിർവ്വചിക്കാൻ കഴിഞ്ഞേക്കാം. ഒരേ കൃതിയെ പല രീതിയിൽ വായിക്കാമല്ലോ. മഹാഭാരതം ഏകലവ്യനെ മുൻനിർത്തി ദളിത് പക്ഷത്തുനിന്ന് വായിക്കാം. രാമായണം സ്ത്രീപക്ഷത്ത് നിന്ന് കുമാരനാശാൻ വായിച്ചപോലെയും പഞ്ചാലിയെയും, ഊർമിളയെ ഒക്കെ വായിച്ചപോലെയും.
നാനാ തരം പരിമിതികളെ മറികടക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

സൂക്ഷ്മവും സവിശേഷവുമായി പ്രതിരോധരൂപങ്ങളിലേക്ക് സാഹിത്യം മാറികഴിഞ്ഞു. പല മണ്ഡലങ്ങളിലായി നടക്കുന്ന സൂക്ഷ്മസമരങ്ങളിൽ നിന്നാണ് അത് ഊർജ്ജം കണ്ടെത്തുന്നത്. അത് കേന്ദ്രീയ സ്ഥാനമില്ല. വിഗ്രഹങ്ങളില്ല. ബൃഹത് ആഖ്യാനങ്ങളില്ല. ദേശം, ദളിത്, സ്ത്രീ, പരിസ്ഥിതി എന്നിങ്ങനെ എല്ലാം ചേർന്നതാണ് പുതിയ കാലത്തെ സാഹിത്യം. ദൈനംദിനഭാഷതന്നെയാണ് കാവ്യഭാഷ. അനശ്വരതയിൽ അതിനു താല്പ്പര്യമില്ല. എല്ലാ തരം ഹിംസകൾക്കും അത് എതിരാണ്. അവനവനേയും ഭരണഘടനയേയും ജനാധിപത്യത്തേയും സംരക്ഷിക്കാൻ അനിവാര്യമായും സാഹിത്യത്തെ ഉപകരണമാക്കേണ്ടതുണ്ട്.

ശിവൻ പള്ളിപ്പാട്

• കവിത



# ആദ്യാക്ഷരം

അമ്പലക്കൗണ്ടറിൽ നിന്നാദ്യാക്ഷരം കുറിക്കുവാൻ രജിസ്റ്റർ ചെയ്ത-
നാമങ്ങൾ
ആദ്യാവസാനം വിളിച്ചു പറഞ്ഞീടുന്നുച്ചഭാഷിണിയിൽ
കളഭം കുടഞ്ഞു പൂജിച്ച പ്രിയവാഹനങ്ങളിൽ നിന്ന്
തെളിവുറ്റ മുഖവുമായ് ഉടയാത്തവസ്ത്രാലങ്കാരങ്ങളുമായ്
പ്രിയമെഴും മക്കളെയാദ്യാക്ഷരമെഴുതിച്ചീടാൻ
സ്വയമെഴും നാട്യവിശേഷങ്ങളോടിതമ്മമാർ
അക്ഷരം കുറിച്ചീടാൻ തിരുമുമ്പിലിരുവശങ്ങളിൽ വിരിച്ചിട്ടപുല്പായയിൽ
സ്വച്ഛമായിരിക്കുന്നു; എഞ്ചിനീയറും, എഴുത്താശാനും
കരയുന്ന കുഞ്ഞിനെയാശ്വസിപ്പിച്ചീടുന്നമ്മ
നോ, നോ, ഡോൺഡ് ക്രൈ മൈസൺ മമ്മിയില്ലയോ കൂടെ?
ഡാഡി വേണമെനിക്കെന്നു വാശിയോടോതുന്നു പൈതൽ, കാറിൻ
ഡോറു പൂട്ടിട്ടു വേഗം ഡാഡിയിങ്ങണയുന്നു.
സോറി മൈസൺ ഡാഡി കാറിലങ്ങിരുന്നുപോയ്
ഡോൺഡ് ഡാർലിംഗ് ടേക്ക് ഇറ്റ് ഇൻ ഫൺ, ഇറ്റ്സ് എ ജോക്ക്
വേഗമെഴുതീടുക ചോക്ലേറ്റു തന്നീടുന്നുണ്ടു ഡാഡി
വേണ്ട ചോക്ലേറ്റു മാത്രം മിൽക്ക്ബാർ കൂടി വേണമെന്നുണ്ണി
ഓക്കെ, ഓക്കെയോതി വേഗമക്ഷരക്യൂവിൽ നിൽപ്പൂ
ഓക്കെയാകാനുള്ളൂഴവുംകാത്താ ഡാഡി.
അരിയിലെഴുതിച്ചിട്ടുവേണമല്ലോ പൊന്നുണ്ണിയെ
അറിവുമന്തസ്സും നൽകും ഇംഗ്ലീഷ് മീഡിയത്തിൽ ചേർക്കാനെന്നമ്മ
ഡോക്ടറുമെഞ്ചിനീയറുമിരിക്കുന്നിടങ്ങളിൽ
നീക്കമില്ലാതെ നീണ്ടനിരതന്നെ നിന്നീടുന്നു.
എഴുത്താശാനേതോ നഷ്ടസ്വർഗത്തിൻ സ്മരണയിൽ
എഴുതുവാനാളെ കാത്തുകാത്തങ്ങിരുന്നീടുന്നു.
ഇടക്കെങ്ങോപാവപ്പെട്ടോമാദിവാസിയോ
ഇടത്തരക്കാരനാം കൃഷിവലനോയെത്തീടുന്നിതാശാന്റെ സീമേ
ആദ്യാക്ഷരത്തേയും പൊങ്ങച്ചത്തിൻവ്യാജമാം
ആചാരക്കൂട്ടിലൊതുക്കുന്നതു കണ്ടിതാശാൻ
അകത്തങ്ങരുളിടുന്ന വാഗ്ദേവിയെനോക്കി
അകതാരിലുള്ളതുപറയാനാകാതെ നിന്നുതേങ്ങി
അറിഞ്ഞാശാനപ്പോൾ തേങ്ങിടുകയാണു ദേവിയും
അറിഞ്ഞുകൊണ്ടിവർകൊല്ലും വാക്ദേവതാ മാതാ!




കെ.എ.എസ്. ഉൾപ്പെടെയുള്ള
പി.എസ്.സി. പരീക്ഷകൾ
മാതൃഭാഷയിലും നടത്തുക -
ഉദ്ഘാടനം : സുഗതകുമാരി ടീച്ചർ





